**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം, 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 28.01.2026

# "കൈക്കൂലി വാങ്ങിയ മുൻ വില്ലേജ് ഓഫീസറെയും,വില്ലേജ് അസിസ്റ്റന്റിനെയും വിജിലൻസ് കോടതി കഠിന തടവിന് ശിക്ഷിച്ചു."

കണ്ണൂർ പള്ളിക്കുന്നം സ്വദേശിയായ പരാതിക്കാരന് കോടതി വിധിയിലൂടെ ലഭിച്ച വസ്തുവിന്റെ നികുതി സ്വീകരിക്കുന്നതിന് പതിനായിരം രൂപ കൈക്കൂലി വാങ്ങിയ കണ്ണൂർ-II മുൻ വില്ലേജ് ഓഫീസറും നിലവിൽ കണ്ണൂർ താലൂക്ക് ഓഫീസിലെ ഡെപ്യൂട്ടി തഹസിൽദാറുമായ കെ.വി ഷാജുവിനെയും, കണ്ണൂർ-II വില്ലേജ് ഓഫീസിലെ മുൻ വില്ലേജ് അസിസ്റ്റന്റ് സി.വി പ്രദീപനെയും തലശ്ശേരി വിജിലൻസ് കോടതി കുറ്റക്കാരായി കണ്ടെത്തി ശിക്ഷ വിധിച്ചു. രണ്ട് പ്രതികൾക്കും വിവിധ വകുപ്പുകളിലായി ആകെ 5 വർഷം വീതം കഠിന തടവിനും 90,000/-രൂപ വീതം പിഴ ഒടുക്കുന്നതിനുമാണ് ഇന്ന് (28.01.2026) ശിക്ഷിച്ചത്.

കണ്ണൂർ പള്ളിക്കുന്നം സ്വദേശിയായ പരാതിക്കാരന്റെ കുടുംബ സ്വത്തായ വസ്തു കോടതി വിധിയിലൂടെ പരാതിക്കാരന് ഭാഗം ചെയ്ത് ലഭിക്കുകയും പരാതിക്കാരൻ 2012 ൽ വസ്തുവിന്റെ നികുതി അടയ്ക്കുന്നതിന് കണ്ണൂർ-II വില്ലേജ് ഓഫീസിൽ നികുതി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. നികുതി സ്വീകരിക്കുന്നതിന് മുൻ വില്ലേജ് ഓഫീസറായ കെ.വി ഷാജു പതിനായിരം രൂപ കൈക്കൂലി ആവശ്യപ്പെടുകയും വസ്തു അളക്കുന്ന സമയം 9000/- രൂപ ആദ്യ ഗഡുവായി കൈക്കൂലി വാങ്ങിയെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് ബാക്കി തുകയായ 1000/- രൂപ പരാതിക്കാരനിൽ നിന്നും കൈക്കൂലി വാങ്ങവെ കണ്ണൂർ വിജിലൻസ് കെ.വി ഷാജുവിനെ കൈയ്യോടെ പിടികൂടി കേസ് രജിസ്റ്റർ ചെയ്തിരുന്നു. അന്വേഷണത്തിൽ കണ്ണൂർ-II വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റായ സി.വി പ്രദീപനും ഈ കൈക്കൂലി ഇടപാടിൽ പങ്ക് ഉണ്ടെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു. അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച ഈ കേസിലാണ് കണ്ണൂർ-II മുൻ വില്ലേജ് ഓഫീസറും നിലവിൽ കണ്ണൂർ താലൂക്ക് ഓഫീസിലെ ഡെപ്യൂട്ടി തഹസിൽദാറും കണ്ണൂർ ബക്കളം സ്വദേശിയുമായ കെ.വി ഷാജുവിനെയും, കണ്ണൂർ-II വില്ലേജ് ഓഫീസിലെ മുൻ വില്ലേജ് അസിസ്റ്റന്റും കണ്ണൂർ ഏച്ചൂർ സ്വദേശിയുമായ സി.വി പ്രദീപനെയും തലശ്ശേരി വിജിലൻസ് കോടതി കുറ്റക്കാരായി കണ്ടെത്തി ശിക്ഷ വിധിച്ചത്. വിവിധ വകുപ്പുകളിലായി രണ്ട് പ്രതികൾക്കും ആകെ 5 വർഷം കഠിന തടവിനും 90,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് ശിക്ഷിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. തലശ്ശേരി വിജിലൻസ് കോടതി ജഡ്ജ് ശ്രീ. കെ. രാമകൃഷ്ണനാണ് ആണ് വിധി പുറപ്പെടുവിച്ചത്.

വിജിലൻസിനു വേണ്ടി പബ്ലിക് പബ്ലിക് പ്രോസിക്യൂട്ടർമരായ  ശ്രീ. ഉഷാകുമാരി.കെ, ജിതിൻ പി , എന്നവർ ഹാജരായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.